# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 162** — **01/02/2018-ൽ മറുപടിക്ക്**

## ആരോഗ്യ ജാഗ്രതാ പദ്ധതി

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ**
**,, സണ്ണി ജോസഫ്**
**,, വി.പി.സജീന്ദ്രൻ**
**,, റോജി എം. ജോൺ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) പകർച്ച വ്യാധികളുടെ പ്രതിരോധവും നിയന്ത്രണവും ലക്ഷ്യമാക്കി ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) പകർച്ച വ്യാധികളുടെ പ്രതിരോധവും നിയന്ത്രണവും ലക്ഷ്യമാക്കി ആരോഗ്യ ജാഗ്രതാ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനം മാലിന്യ വിമുക്തമാക്കി പകർച്ചവ്യാധി വ്യാപനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണ്; | ബി) 2018-ൽ പകർച്ചവ്യാധികളുടെ പ്രതിരോധവും നിയന്ത്രണവും ലക്ഷ്യമാക്കി ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി "ആരോഗ്യ ജാഗ്രത" എന്ന പേരിൽ ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കാമ്പയിൻ സംഘടിപ്പിക്കുവാൻ തീരുമാനിച്ച് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഓരോ വാർഡിനേയും 20-25 വീടുകൾ അടങ്ങുന്ന പ്രത്യേക ബ്ലോക്കുകളായി തിരിച്ച് വോളന്റിയർമാർ ഫീൽഡ്തല പരിശോധന നടത്തി ശുചിത്വമാപ്പിംഗ് നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ വാർഡുതല പകർച്ചവ്യാധി പ്രതിരോധ കർമ്മപദ്ധതി (മൈക്രോപ്ലാൻ) തയ്യാറാക്കി സംസ്ഥാനത്തൊട്ടാകെ ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ബന്ധപ്പെട്ട ഇതര വകുപ്പുകളുടെയും, ഏജൻസികളുടെയും, മിഷനുകളുടെയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ചിട്ടയായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ, പ്രവർത്തന കലണ്ടർ സഹിതം തയ്യാറാക്കിയിട്ടുണ്ട്.<br>ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ ഹരിതകർമ്മസേന രൂപീകരിച്ച് |

➡

ജൈവമാലിന്യം ഉത്പാദകന്റെ ഉത്തരവാദിത്വത്തിലും, അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണം ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ആരോഗ്യജാഗ്രതാ പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വത്തിലും ഏകോപനത്തിലും ഫലപ്രദമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ബഹുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആലോചിച്ചിട്ടുണ്ട്. പ്രത്യേക ഗ്രാമസഭ, കുടുംബശ്രീ, അയൽക്കൂട്ട യോഗങ്ങൾ എന്നിവ ചേർന്ന് ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് പ്രാദേശികമായ നടപടികൾ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ആരോഗ്യജാഗ്രതാ ദിനാചരണം, ആരോഗ്യജാഗ്രതാ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആരോഗ്യസ്ഥാപനങ്ങൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുചീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| **സി)** | മഴക്കാലപൂർവ്വ ശുചീകരണം കഴിഞ്ഞ വർഷം പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ ഒരു വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ? | **സി)** | കഴിഞ്ഞ വർഷം മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. 2018-ൽ പകർച്ചവ്യാധികൾ പടർന്നു പിടിച്ചുണ്ടാകുന്ന അത്യാഹിതങ്ങൾ പൂർണ്ണമായും തടയുന്നത് ലക്ഷ്യമാക്കിയാണ് ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**